**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109 — 31.10.2019-ൽ മറുപടിക്ക്

## ഇതരസംസ്ഥാന ബോട്ടുകളെ നിയന്ത്രിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, കെ.എം.ഷാജി :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ തീരങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന ഇതരസംസ്ഥാന ബോട്ടുകളിൽ നിന്നും യൂസേഴ്സ് ഫീ ഈടാക്കാറുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ കടലിലൂടെ പ്രവേശിക്കുന്നതിനും സംസ്ഥാനത്തെ ഹാർബറുകൾ ഉപയോഗിക്കുന്നതിനും ഇതര സംസ്ഥാന ബോട്ടുകളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കാറുണ്ട്. |
| (ബി) | നിരോധിച്ച പെലാജിക് നെറ്റും ട്രോൾ നെറ്റും പോലുള്ള വലകൾ ഉപയോഗിച്ച് ഇതരസംസ്ഥാന ബോട്ടുകൾ പിടിക്കുന്ന ചെറുമീനുകൾ വളത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് അശാസ്ത്രീയ മത്സ്യ ബന്ധനം തടയുന്നതിനായി കെ.എം. എഫ്.ആർ ആക്ട്, റൂൾ എന്നിവ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യ ബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ സംസ്ഥാന വ്യത്യാസമില്ലാതെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. പുതുക്കിയ കെ.എം.എഫ്.ആർ റൂൾ -4 പ്രകാരം പഴ്സീൻ, പെലാജിക് ട്രോൾ മിഡ് വാട്ടർട്രോൾ, ബുൾട്രോൾ അഥവാ പെയർട്രോൾ എന്നിവ നിരോധിച്ചിട്ടുണ്ട്. കേരളം നടപ്പാക്കിയ കെ.എം.എഫ്.ആർ നിയമ ചട്ട ഭേദഗതികൾ എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും മറ്റ് സംസ്ഥാനങ്ങളിൽ ആയതിനുള്ള നടപടികൾ നടന്ന് വരികയുമാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | ഇതര സംസ്ഥാനങ്ങളിലുൾപ്പെടെ ചെറു മത്സ്യങ്ങളെ പിടിച്ച് നശിപ്പിക്കുന്നത് പൂർണ്ണമായി തടയാൻ സാധിക്കും. |
| (സി) | ഫിഷറീസ് വകുപ്പിന്റെ അനാസ്ഥ കാരണം സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിലും യൂസേഴ്സ് ഫീ കൃത്യമായി ഈടാക്കാത്തതിനാൽ സർക്കാർ വരുമാനത്തിലും നഷ്ടം ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി കെ.എം.എഫ്.ആർ ആക്ട്, റൂൾ എന്നിവ കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയമായ മത്സ്യ ബന്ധനം നിയന്ത്രിക്കാൻ കഴിഞ്ഞതിലൂടെ സംസ്ഥാനത്തിന്റെ മത്സ്യോൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കുകയും 2017-18 ൽ 4.83 ലക്ഷം മെട്രിക് ടണ്ണായിരുന്ന മത്സ്യ സമ്പത്ത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് എന്നിവ കൃത്യമായും ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ